പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

11..02..2016 ൽ

മറുപടിയ്ക്ക്.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.1195

# അനധികൃത മണൽ കടത്ത്

ചോദ്യം
ശ്രീ.എം.ചന്ദ്രൻ

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ അനധികൃത മണൽ കടത്ത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | പാലക്കാട് ജില്ലയിൽ അനധികൃത മണൽ കടത്ത് തടയുന്നതിന് ജില്ലാ തലത്തിലും ആർ.ഡി.ഒ/താലൂക്ക് തലത്തിലും സ്ക്വാഡ് രൂപീകരിച്ച് മണൽ കടത്തിനെതിരെ കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ പൊലീസ് വകുപ്പും സ്ക്വാഡ് ശക്തിപ്പെടുത്തി നടപടി സ്വീകരി-ക്കുന്നുണ്ട്. |
| (ബി) | കഴിഞ്ഞ 6 മാസത്തിനിടയിൽ എത്ര കടവുകളിൽ പരിശോധന നടത്തി; | (ബി) | കഴിഞ്ഞ 6 മാസത്തിനിടയിൽ 64 കടവുകളിൽ പരിശോധന നടത്തി-യിട്ടുണ്ട്.. |
| (സി) | അനധികൃത മണൽ കടത്തിയതിന് എത്ര വാഹനങ്ങൾ പിടികൂടി; എത്ര തുക പിഴ ഈടാക്കി ; | (സി) | അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് (2015-2016 വർഷ-ത്തിൽ) 852 വാഹനങ്ങൾ ബന്തവസിലെടുത്തിട്ടുള്ളതും പിഴയി-നത്തിൽ 55,75,000/- രൂപ ഈടാക്കിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | | ഉണ്ട്. ബന്തവസിലെടുത്തതിൽ 657 വാഹനങ്ങൾ പൊലീസ് അധികാ-രികൾ ബന്ധപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ